"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ ആലപ്പാട് ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ആശാറാണി പി. എം ന്റെ ഭർത്താവിന്റെ വൃക്കമാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട ചികിത്സയ്ക്ക് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2122/2025/LSGD തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:-

1. 28.12.2017-ലെ G.O.(P) ) No.83/2017/H&FWD
2. 15.12.2017-ലെ G.O.(Ms) ) No.184/2017/H&FWD
3. ശ്രീമതി. ആശാറാണി.പി.എം ന്റെ 14.09.2022- ലെ അപേക്ഷയും ബില്ലുകളും
4. ആലപ്പാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.10.2022ലെ 13(1)ാം നമ്പർ തീരുമാനം.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.03.2024-ലെ (എൽ.ഡിസ്) എം.ആർ 1-249718/2023/ആ.വ.ഡ നം.കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 01.08.2024- ലെ LSGD/PD/35952/2023-DEG1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ ആലപ്പാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി.ആശാറാണി.പി.എം ന്റെ ഭർത്താവിന്റെ വൃക്കമാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട ചികിത്സയ്ക്ക് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിൽ ചെലവായ 1,78,028/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (5) -ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 1,49,001/- രൂപയുടെ 80% ശതമാനം ആയ 1,19,201/- (ഒരു ലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി ഒന്ന് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ആലപ്പാട് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ ആലപ്പാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി.ആശാറാണി.പി.എം ന്റെ ഭർത്താവിന്റെ വൃക്കമാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട ചികിത്സയ്ക്കായി 22.12.2021 മുതൽ 12.08.2022 വരെ എറണാകുളം മെഡിക്കൽ ട്രസ്റ്റ്

ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുവദനീയത അറിയിച്ചിട്ടുള്ള 1,49,001/- രൂപയുടെ 80% ശതമാനം ആയ 1,19,201/- (ഒരു ലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി ഒന്ന് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, ആലപ്പാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
സെക്രട്ടറി, ആലപ്പാട് ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
ശ്രീമതി. ആശാറാണി.പി.എം, സീനിയർ ക്ലാർക്ക്, ആലപ്പാട് ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No. EPA3/361/2024-LSGD).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 27-08-2025 10:41:21
സെക്ഷൻ ഓഫീസർ